കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

കരിമ്പുഴ ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2016-17സാമ്പത്തിക വർഷം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി12/1873/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്, തീയതി-20.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കരിമ്പുഴ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കരിമ്പുഴ ഗ്രാമപഞ്ചായത്ത് - 2016 – 17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം കെ.എസ്.എ.പി.കെ.ഡി12/1873/2017 തീയ്യതി-20.10.2017

## പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 9-11-2016 മുതൽ 20-8-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | രതീഷ് കുമാർ. പി.എം.<br>ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21-8-2017മുതൽ 26-8-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എൻ. സുമേഷ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ബിജു ആന്റണി.യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.എം.എസ്.താരിഖ് | ഓഡിറ്റർ |
| | ശ്രീ. മുഹമ്മദ് ഹിഷാം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷീബ.പി.ടി. | 1-4-2016 മുതൽ 31-3-2017 വരെ |
| സെക്രട്ടറി | ശ്രീ. രാജേഷ് കുമാർ.എസ്. | 1-4-2016 മുതൽ 10-8-2016 വരെ |
| | ശ്രീ.സന്തോഷ് വർഗീസ് (ഇൻ ചാർജ്) | 11-8-2016 മുതൽ 3-9-2016 വരെ |
| | ശ്രീ. സുരേഷ്.പി, അസി.സെക്രട്ടറി (ഇൻ ചാർജ്) | 3-9-2016 മുതൽ 20-12-2016 വരെ |
| | ശ്രീമതി. വിജയകുമാരി.എ | 21-12-2016 മുതൽ 17-2-2017 വരെ |
| | ശ്രീ. സുരേഷ്.പി, അസി.സെക്രട്ടറി (ഇൻ ചാർജ്) | 18-2-2017 മുതൽ 31-3-2017 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനിയർ | ശ്രീ.ബാലകൃഷ്ണൻ.കെ.പി. (അഡീ.ചാർജ്) | 1-4-2016 മുതൽ 17-3-2017 വരെ |
| | ശ്രീമതി.കെ.അനിത | 18-3-2017 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.അശ്വതി സോമൻ | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ആശ.എസ്. | 1-4-2016 മുതൽ 31-3-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.രഞ്ജിത് ശങ്കർ | 1-4-2016 മുതൽ 31-3-2017 വരെ |
| അസി. സെക്രട്ടറി | ശ്രീ.സന്തോഷ് വർഗീസ് | 1-4-2016 മുതൽ 3-9-2016 വരെ |
| | ശ്രീ.സുരേഷ് .പി | 4-9-2016 മുതൽ 31-3-2017 വരെ |
| കൃഷി ഓഫീസർ | ശ്രീ. അനൂപ് വിജയൻ | 1-4-2016 മുതൽ 16-10-2016 വരെ |
| | ശ്രീമതി. രാഖിമോൾ | 17-10-2016 മുതൽ 31-3-2017 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. സുഷമ.വി.ജി | 1-4-2016 മുതൽ 31-3-2017 വരെ |

| | | |
|---|---|---|
| വി.ഇ.ഒ | ശ്രീമതി. രജിത.വി | 1-4-2016 മുതൽ 17-12-2016 വരെ |
| | ശ്രീ.മനോജ് കുമാർ. | 18-12-2016 മുതൽ 16-1-2017 വരെ |
| | ശ്രീ. സ്മിത സുധാകർ.സി.എസ്. | 17-1-2016 മുതൽ 31-3-2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. പ്രസന്ന | 1-4-2016 മുതൽ 11-8-2016 വരെ |
| | ശ്രീ. അനീഷ് നാരായണൻ | 12-8-2016 മുതൽ 31-3-2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. പരമേശ്വരൻ.ഇ.എസ്. | 1-4-2016 മുതൽ 31-3-2017 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

| വർഷം | അംഗീകരിച്ച തീയ്യതി | തീരുമാനം നം. |
|---|---|---|
| 2016-17 | 29-3-2016 | 1 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 25-7-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.-

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20669510 |
| വരവ് | 55829425 |
| ആകെ | 76498935 |
| ചെലവ് | 50594090 |
| നീക്കിയിരിപ്പ് | 25904845 |

# 1-5 ഫണ്ട് വിനിയോഗം- 2016-17

| ഫണ്ടിനം | ബഡ്ജറ്റ് അലോട്ട് മെന്റ് | മുൻ ബാക്കി | തൻവർഷ അലോട്ട് മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം | വിനിയോഗിക്കാത്ത തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 13334976 | 0 | 13334720 | 13334720 | 11754289 | | 1580431 |
| വികസന ഫണ്ട് എസ്.സി.പി. | 12970000 | 0 | 12969684 | 12969684 | 8156087 | | 4813597 |
| വികസന ഫണ്ട് ടി.എസ്.പി | | 0 | - | - | - | | - |
| സംരക്ഷണ ഗ്രാന്റ് റോഡ് | 4549000 | 0 | 4549002 | 4549002 | 3196211 | | 1352791 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 3570000 | 0 | 3570048 | 3570048 | 2334625 | | 1235423 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 9681963 | 0 | 7478537 | 7478537 | 5332081 | | 2146456 |
| പെർഫോമൻസ് ഗ്രാന്റ് | 3916233 | 0 | 3916232 | 3916232 | 2129071 | | 1787161 |
| എം.എൻ.ആർ. ഇ.ജി.എസ്. | - | 22767 | 1111324+ 28303975 | 29438066 | 819189+ 28303975 | | 314902 |
| ബി.ഫണ്ട് (തൊഴിലില്ലായ്മ വേതനം) | - | 0 | 136320 | 136320 | 136320 | 100 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 213 | 64755224 | 149 | 37427435 | 64 | 69 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 17 | 12 | 2421163 | 1449205 | 60 |
| അസി.സെക്രട്ടറി | 15 | 15 | 6340861 | 4563861 | 72 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 142 | 87 | 32755603 | 17157606 | 52 |
| കൃഷി ഓഫീസർ | 6 | 6 | 4350224 | 1245439 | 29 |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 4449000 | 1422750 | 32 |
| മെഡിക്കൽ ഓഫീസർ-അലോപ്പതി | 5 | 3 | 994200 | 468858 | 47 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | - | - | - | - | - |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 8 | 4687800 | 3645716 | 78 |
| വി.ഇ.ഒ | 8 | 6 | 6667300 | 5385600 | 81 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 470000 | 470000 | 100 |
| ഹെഡ് മാസ്റ്റർ | 5 | 5 | 1319073 | 1318400 | 100 |
| ആകെ | 213 | 149 | 64755224 | 37427435 | 58 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3183700 | 4896367 | 1712667 | 54 |
| നികുതിയേതര വരവുകൾ | 605006 | 658138 | 53132 | 9 |
| മറ്റു വരവുകൾ | 109106 | 265208 | 156102 | 143 |
| ആകെ | 3897812 | 5819713 | 1921901 | 49 |

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ 49 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

# 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനം എടുത്തവ | തീരുമാനം എടുത്തവയിൽ നിരസിച്ചവ | കാല താമസം ഉണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 47 | 47 | 8 | - |
| 2 | തൊഴിൽ രഹിത വേതനം | 16 | 16 | 12 | - |
| 3 | വിധവാ പെൻഷൻ | 120 | 120 | 19 | - |
| 4 | വികലാംഗ പെൻഷൻ | 45 | 45 | 2 | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 16 | 16 | 5 | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 576 | 576 | 236 | - |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-08-2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 53766/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്.

മരാമത്തുമായി ബന്ധപ്പെട്ട് റോഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-7-17മുതൽ 25-7-17വരെ | 1-6-2017മുതൽ 30-6-2017വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13-5-2011മുതൽ 25-5-2011 വരെ | 2006-07മുതൽ 2010-11വരെ | 4-7-2011 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളിൽ നിന്നുള്ള വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 7 മൊബൈൽ ടവറുകളിൽ നിന്നായി 2016-17 വരെ ആകെ 223207 രൂപയുടെ വസ്തുനികുതി കുടിശ്ശിക നിലനിൽക്കുന്നുണ്ട് എന്നാണ് ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വേളയിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5 തീയതി 24.8.2017) മറുപടി നൽകിയിട്ടുള്ളത്. വസ്തു നികുതി കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്, കെട്ടിട നം. | ഏജൻസി | 2016-17 വസ്തു നികുതി ഡിമാന്റ് | 2016-17 ലെ ഈടാക്കിയത് | കുടിശ്ശിക (മുൻ വർഷങ്ങളിലേ തുൾപ്പെടെ) |
|---|---|---|---|---|---|
| 1 | 3/416എ | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 5891 | 0 | 30052 (6 വർഷത്തെ) |
| 2 | 3/147എ | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 7589 | 0 | 14536 (2 വർഷത്തെ) |
| 3 | 8/94 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 11550 | 11550 | 4975 - |
| 4 | 8/440 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 12600 | 0 | 31938 (3 വർഷത്തെ) |
| 5 | 13/575 | റിലയൻസ് | 5040 | 0 | 8926 (2 വർഷത്തെ) |
| 6 | 13/588 | എയർസെൽ | 6300 | 0 | 9972 (2 വർഷത്തെ) |
| 7 | 18/247എ | ഇൻഡസ് ടവേഴ്സ് | 15750 | 0 | 122808 (2 വർഷത്തെ) |
| ആകെ കുടിശ്ശിക | | | | | 223207 |

മൊബൈൽ ടവറുകളിൽ നിന്നുള്ള വസ്തുനികുതി കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുത്ത് വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട്-സെക്ഷൻ 204 പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത്, അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. 2016-17 രണ്ടാം അർദ്ധ വർഷത്തിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

- ബ്രാഞ്ച് പോസ്റ്റോഫീസ്, എലുമ്പലാശ്ശേരി
- ബ്രാഞ്ച് പോസ്റ്റോഫീസ്, വക്കടപുരം
- മാവേലി സ്റ്റോർ

  മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-3 വസ്തു നികുതി കുടിശ്ശിക സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ കണക്കുകൾ പ്രകാരം വസ്തുനികുതി ഇനത്തിൽ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | 2016-17 വർഷാവസാനത്തിലെ കുടിശ്ശിക |
|---|---|
| വസ്തു നികുതി ഗാർഹികം(തൻ വർഷം) | 337723 |
| വസ്തു നികുതി ഗാർഹികേതരം (തൻ വർഷം) | 701635 |
| വസ്തു നികുതി ഗാർഹികം (അരിയർ) | 133625 |
| വസ്തു നികുതി ഗാർഹികേതരം (അരിയർ) | 215766 |
| 2016-17 വർഷാവസാനത്തിലെ ആകെ കുടിശ്ശിക | 1388749 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8 തീയതി 24.8.2017) ജീവനക്കാരുടെ കുറവ് മൂലം ഫീൽഡിൽ പോയി നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ സാധിച്ചിട്ടില്ല എന്നും നോട്ടീസ് അയച്ചും പ്രചരണം നടത്തിയും 70 ശതമാനത്തോളം നികുതി പിരിച്ചെടുത്തിട്ടുണ്ട് എന്നും ബാക്കിയുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വേണ്ടി നോട്ടീസ് അയക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ടെന്നും പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക മുഴുവനായി പിരിച്ചെടുക്കുകയും നികുതി പിരിവ് 100

ശതമാനം ആക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-4 വസ്തു നികുതി പിരിവ്- സഞ്ചയ സോഫ്റ്റ്‌വെയർ, സാംഖ്യ കണക്കുകൾ തമ്മിൽ വ്യത്യാസം

ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട സഞ്ജയ സോഫ്റ്റ്‌വെയറിലെ 2016-17 വർഷത്തെ കണക്കുകളും, അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ സാംഖ്യയിലെ കണക്കുകളും തമ്മിൽ ചുവടെ ചേർക്കുന്ന പ്രകാരം വ്യത്യാസം കണ്ടെത്തി.

| ഇനം | സഞ്ചയ പ്രകാരം കളക്ഷൻ | സാംഖ്യ പ്രകാരം കളക്ഷൻ |
|---|---|---|
| വസ്തു നികുതി 2016-17തൻവർഷം | 18,81,479 | 19,01,713 |
| വസ്തു നികുതി അരിയർ | 18,04,471 | 18,19,629 |

മേൽ വ്യത്യാസം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/24.8.2017) മേൽ വ്യത്യാസം പരിഹരിക്കുന്നതിനായി ഐ.കെ.എം ജില്ലാ ടെക്നിക്കൽ ഓഫീസറുമായി ബന്ധപ്പെട്ട് രശീതു വിവരങ്ങൾ ലഭ്യമാക്കി സഞ്ചയ സാംഖ്യ വ്യത്യാസം പരിഹരിക്കുന്നതാണ് എന്നാണ് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അപാകത പരിഹരിക്കുകയും വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 2-5 അനധികൃത കെട്ടിട നിർമ്മാണം തടയുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

കെട്ടിട നിർമ്മാണ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിട നിർമ്മാണ അനുമതി എടുക്കാതെ നിർമ്മാണം പൂർത്തിയാക്കിയ 121 കെട്ടിടങ്ങൾക്ക് റെഗുലറൈസേഷൻ ചെയ്ത് നൽകുകയും കെട്ടിട നികുതി ഈടാക്കി കെട്ടിടനമ്പർ നൽകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ഗ്രാമ പഞ്ചായത്തിൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയുന്നതിന് ഫീൽഡ് പരിശോധന നടത്തിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 പ്രകാരമുള്ള ഫോറം 10 അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ നിർമ്മാണം പൂർത്തിയാക്കിയ മേൽ കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടില്ല. അനധികൃത കെട്ടിട നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയാതെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി നമ്പറിംഗിനു വേണ്ടി ഗ്രാമ

പഞ്ചായത്തിനെ സമീപിക്കുന്ന സമയത്ത് റെഗുലറൈസേഷൻ ഫീ ഈടാക്കി ക്രമവത്ക്കരണം നടത്തുന്ന രീതിയാണ് ഗ്രാമപഞ്ചായത്ത് അവലംബിച്ച വരുന്നത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/23.08.2017) ബന്ധപ്പെട്ട ക്ലർക്കുമാരുടെ അഭാവം മൂലം ഫീൽഡ് പരിശോധന നടത്താൻ സാധിക്കുന്നില്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്. അനധികൃത കെട്ടിട നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയുന്നതിനും ഇത് സംബന്ധിച്ച ചട്ടങ്ങളും നിയമങ്ങളും കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കൂടിയ നിരക്കിൽ പി എ കെ എൻറ്റർപ്രൈസ് എന്ന സ്ഥാപനത്തിൽ നിന്നും കസേര വാങ്ങിയത് കാരണം 5200 രൂപ നഷ്ടം

2016-17 വർഷത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ അങ്കണവാടികൾക്ക് ഫർണിച്ചർ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള പദ്ധതി പ്രകാരം 25 അങ്കണവാടികൾക്ക് കസേരകൾ കൂടിയ നിരക്കിൽ വാങ്ങിയതിനാൽ 5200/-രൂപ നഷ്ടം വന്നിട്ടുണ്ട്.
പ്രോജക്റ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം., പേര്<br><br>നിർവ്വഹണം | SO -164/17, അങ്കണവാടികൾക്ക് ഫർണിച്ചർ<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ബിൽ നം.8/17 തീയതി 15.3.17 | പിൻവലിച്ച തുക 78750/- 15/3/2017 |
| ഫർണിച്ചർ വിതരണം ചെയ്ത സ്ഥാപനം | പി എ കെ എൻറ്റർപ്രൈസ് |

മേല്പറഞ്ഞ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകളുണ്ട്.

1. അങ്കണവാടികൾക്ക് ഫർണിച്ചർ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ മൂന്ന് സ്ഥാപനങ്ങളാണ് ടെണ്ടറുകൾ സമർപ്പിച്ചിട്ടുള്ളത്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | മേശ | കസേര |
|---|---|---|
| പി എ കെ എൻറ്റർപ്രൈസ് | 2400*25 | 750*25=18750 |
| ഫിഡ്കോ | 2422*25 | 542*25=13550 |
| ഗോൾഡൻ സ്റ്റീൽ | 2500*25 | 550*25=13750 |
| വ്യത്യാസം | | 5200/- |

സ.ഉ.(പ്രി) നം.259/2010/ത.സ്വ.ഭ.വ. തീയ്യതി 8-11-2010പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ, 2013ലെ സ്റ്റോർ പർച്ചേസ് മാന്വലിലെ ഖ.7-33 എന്നിവ പ്രകാരം സാധനങ്ങളെ വർഗീകരിച്ച് ടെണ്ടർ ക്ഷണിക്കണമെന്നും ഓരോ ഇനത്തിലും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ സ്വീകരിക്കണം എന്നും നിഷ്കർഷിക്കുന്നു.

കുറഞ്ഞ തുക ക്വാട്ട് ചെയ്ത പി എ കെ എൻ്ററർപ്രൈസ് എന്ന സ്ഥാപനത്തിൽ നിന്നും മേശ വാങ്ങിയത് ക്രമപ്രകാരമാണ്. എന്നാൽ കസേര വാങ്ങുമ്പോൾ കുറഞ്ഞ നിരക്കായ 542/- രൂപ ക്വാട്ട് ചെയ്ത ഫിഡ്ക്കോ എന്ന സ്ഥാപനത്തെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. പി.എ.കെ എൻ്റർപ്രൈസസിൽ നിന്നും 750/- രൂപ നിരക്കിലാണ് 25 കസേര വാങ്ങിയിട്ടുള്ളത്. കൂടിയ നിരക്കിൽ കസേര പി എ കെ എൻ്ററർപ്രൈസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത് കാരണം 5200 രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയത് സംബന്ധിച്ച് പർച്ചേസിങ്ങ് കമ്മിറ്റിയുടെ മിനിട്ട്സിലോ പഞ്ചായത്ത് ഭരണസമിതിയുടെ മിനിട്ട്സിലോ കാരണം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ 5200/-നഷ്ടം വന്ന തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 11/26.8.2017-ന് പി.എ.കെ എൻ്റർപ്രൈസസിലെ കസേരകൾക്ക് ഗുണനിലവാരമുള്ളതാണെന്നും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തോടെയാണ് വാങ്ങിയതെന്നും ഫർണിച്ചറിനെ ഒരു യൂണിറ്റായി കണക്കാക്കിയതുകൊണ്ടുമാണ് ടി സ്ഥാപനത്തിൻ്റെ ടെണ്ടർ അംഗീകരിച്ചതെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഫിഡ്കോ എന്ന സ്ഥാപനത്തിൻ്റെ ടെണ്ടർ നിരസിച്ചതിന് വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

## 3-2 എസ്റ്റിമേറ്റിൽ നിന്ന് അധികരിച്ച് പ്രവൃത്തിയുടെ ഇനങ്ങൾ ചെയ്തിരിക്കുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

താഴെപ്പറയുന്ന പ്രവൃത്തിയിൽ എസ്റ്റിമേറ്റിലെ അളവുകളെക്കാൾ അധികരിച്ച് മൺപണി നടത്തിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | SO216/17- കരിമ്പനോട് കുളിക്കടവ് നിർമാണം |
| അടങ്കൽ, ഫണ്ട് ഇനം | 150000രൂ. (മെയിൻ്റനൻസ് ഫണ്ട്) |
| എഗ്രിമെൻ്റ് നം, തീയ്യതി | 87/AE/LSGD/KGP/16-17/9-3-17 |
| കരാറുകാരൻ | ശ്രീ. സുലൈമാൻ |
| പ്രവൃത്തിമൂല്യം | 150000/- |
| എം.ബുക്ക് | 238/16-17 |
| ബിൽ നം.തീയ്യതി, തുക | 86/16-17/31-3-2017/ 150000രൂ. |

മേൽ സൂചിപ്പിച്ച പ്രവൃത്തിയിലെ ഒരിനമായ മൺപണിയുടെ അളവ് എസ്റ്റിമേറ്റിലെ

അളവിനെക്കാൾ 25% അധികരിച്ചിട്ടും റിവൈസ്ഡ് എസ്റ്റിമേറ്റ് നിർമിച്ച് അംഗീകാരം വാങ്ങിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് | റിവൈസ്ഡ് എസ്റ്റിമേറ്റ് ഇല്ലാതെ വർക്ക് സ്ലിപ്പിന്റെ അടിസ്ഥാനത്തിൽ പരമാവധി ചെയ്യാവുന്ന അളവ് | പ്രവൃത്തി ചെയ്ത അളവ് | നിരക്ക് | അധികം നൽകിയ തുക |
|---|---|---|---|---|---|
| 2.8.1- Earth Excavation | 8.088$m^3$ | 10.11$m^3$ | 11.73$m^3$ | 200.51/$m^3$ | 325രൂ. |

മരാമത്ത് ചട്ടങ്ങൾ പ്രകാരം ഇനങ്ങളിൽ 25ശതമാനമോ ആകെ അടങ്കലിൽ 5 ശതമാനമോ അധികരിച്ച് പ്രവൃത്തി ചെയ്യണമെങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നേടേണ്ടതുണ്ട്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.12/26-8-2017ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ അധികം നൽകിയ തുക 325രൂ. ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

## 3-3 സാക്ഷരതാ തുല്യതാ പരീക്ഷയ്ക്കായി ഇൻസ്ട്രക്ടർമാർക്ക് പദ്ധതി ഫണ്ട് ഉപയോഗിച്ച് വേതനം നൽകിയിരിക്കുന്നു. ചെലവ് തുക തടസ്സപ്പെടുത്തുന്നു

ഹെഡ്മാസ്റ്റർ നടപ്പാക്കിയ പ്രോജക്ട് നം.SO 057/17 മുഖേന സാക്ഷരതാ തുല്യതാ പരീക്ഷയ്ക്കായി ബിൽ നം. 5/16-17/16-1-2017 പ്രകാരം 75000രൂ. ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ ധനകാര്യ വിശകലനത്തിൽ 50 വിദ്യാർത്ഥികൾക്ക് 1500രൂ. വീതം കോഴ്സ് ഫീസായി നൽകുന്നതിനായിട്ടാണ് തുക വകയിരുത്തിയിട്ടുള്ളത്. ഇതിൽ പഠിതാക്കൾക്കുള്ള പാഠപുസ്തകങ്ങളും ഇൻസ്ട്രക്ടർമാർക്കുള്ള ഫീസും ഉൾപ്പെടുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ടി പ്രോജക്ട് സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു

ജി.ഒ. (എം.എസ്) 4/2016 തസ്വഭവ, തീ. 11-1-2016 പ്രകാരം തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തി വരുന്നതിന്റെ ഭാഗമായി സാക്ഷരതാ കേന്ദ്രങ്ങളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും വിവിധ ക്ലാസ്സുകളിലെ പരീക്ഷ എഴുതുന്നവർക്ക് കേരള സംസ്ഥാന മിഷൻ നൽകുന്ന പാഠ പുസ്തകങ്ങളുടെ വിലയും ഇവർ കേരള സംസ്ഥാന സാക്ഷരതാ മിഷന് അടയ്ക്കേണ്ട ഫീസും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. ഇൻസ്ട്രക്ടർമാർക്കുള്ള ഫീസ് നൽകുന്നേതിന് വ്യവസ്ഥയില്ല.

തുക ജില്ലാ സാക്ഷരതാ മിഷൻ കോർഡിനേറ്റർക്ക് കൈമാറിയത് സംബന്ധിച്ച രസീതി ലഭ്യമാക്കിയതല്ലാതെ ആയതിന്റെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ആയതിനാൽ പാഠപുസ്തകങ്ങളുടെ വില എത്രയാണ് ചെലവഴിച്ചത്, ഇൻസ്ട്രക്ടർമാർക്കുള്ള ഫീസ്

എത്രയാണ് ചെലവഴിച്ചത് എന്ന് വ്യക്തമല്ല.

50 ഗുണഭോക്താക്കൾക്ക് വേണ്ടി തുക ചെലവഴിച്ചു എന്നാണ് രേഖപ്പെടുത്തി കാണുന്നത്. എന്നാൽ ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.12/26-8-2017ന് ലഭ്യമാക്കിയ മറുപടിയിൽ പൂർണമായ വിനിയോഗ വിവരങ്ങൾ പിന്നീട് സമർപ്പിക്കാമെന്നും ഭരണസമിതി അംഗീകരിച്ച ലിസ്റ്റ് പിന്നീട് സമർപ്പിക്കാമെന്നും അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ചെലവ് തുക 75000രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ അനുബന്ധം III അനുസരിച്ചുള്ള പട്ടികയിലെ ക്രമ നമ്പർ 15 പ്രകാരം തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തുകൾക്ക് തെരുവു വിളക്കുകളുടെ പരിപാലനത്തിനായി തുക ചെലവഴിക്കേണ്ടി വരുന്നത് ഒഴിച്ചുകൂടാനാവാത്തതാണ്. പരിമിതമായ തനത് വരുമാന സ്രോതസ്സുകൾ മാത്രമുള്ള കരിമ്പുഴ ഗ്രാമപഞ്ചായത്ത് തെരുവുവിളക്കുകളുടെ ഉപഭോഗത്തിനനുസൃതമായി കൃത്യമായ നിരക്കിലല്ല വൈദ്യുതി ചാർജ്ജ് ഒടുക്കിവരുന്നത് എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

എ. തെരുവുവിളക്കുകളുടെ എണ്ണവും വൈദ്യുതി ചാർജ്ജും

തെരുവുവിളക്കുകളുടെ കൃത്യമായ കണക്ക് പഞ്ചായത്തിന്റെ പക്കൽ ഇല്ല. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ എണ്ണം നിജപ്പെടുത്താൻ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ശ്രമങ്ങളുണ്ടായെങ്കിലും നാളിതുവരെ പരിശോധന നടന്നിട്ടില്ല. വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താഴെ പറയും പ്രകാരം തെരുവു വിളക്കുകളുണ്ട്. തെരുവുവിളക്കുകളുടെ കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്തിൽ ഇല്ലാത്തതിനാൽ വൈദ്യുതി ബോർഡിന്റെ ഡിമാന്റ് അനുസരിച്ചുള്ള തുകയാണ് ഒടുക്കി വരുന്നത്. പ്രതിമാസം 31915 രൂപ ഈ ഇനത്തിൽ ഗ്രാമപഞ്ചായത്ത് ഒടുക്കുന്നുണ്ട്.

| ക്രമ നം | ഇനം | എണ്ണം | 2016-17 ലെ നിരക്ക് | പ്രതിമാസ വൈദ്യുതി ചാർജ് | 18.04.17 മുതൽ നിരക്ക് | നിലവിൽ പ്രതിമാസ വൈദ്യുതി ചാർജ് |
|---|---|---|---|---|---|---|
| 1 | ഓർഡിനറി ബൾബ് 100 വാട്ട് | 97 | 155 | 15035 | 167 | 16199 |
| 2 | സിഎഫ്എൽ | 100 | 14 | 1400 | 32 | 3200 |

| | | | | | | |
|---|---|---|---|---|---|---|
| | 1*22വാട്ട് | | | | | |
| 3 | സോഡിയം വേപ്പർ ലാമ്പ് 250 വാട്ട് | 28 | 414 | 11592 | 447 | 12516 |
| | ആകെ | | | 28027 | | 31915 |

ബി. നിലവിലും സാധാരണ ലാമ്പുകൾക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നു

പഞ്ചായത്ത് പരിധിയിൽ 100 വാട്ടിന്റെ 97 സാധാരണ ലാമ്പുകൾ പ്രകാശിക്കുന്നുണ്ടെന്നാണ് വൈദ്യുതി ബോർഡിന്റെ കണക്ക്. സാധാരണ ലാമ്പുകൾക്ക് വൈദ്യുതി ചാർജ്ജായി 167 രൂപയാണ് 18.04.2017 മുതൽ KSEBഈടാക്കിവരുന്നത്. സംയുക്ത പരിശോധന നടത്താത്തതിനാൽ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത് തുടർന്നു വരുന്നു. നിലവിലില്ലാത്ത ലാമ്പുകൾക്ക് ചാർജ്ജ് ഒടുക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനായി തെരുവു വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനും ആവശ്യമെങ്കിൽ മീറ്റർ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

സി. ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കേണ്ടതാണ്

ഊർജ്ജ ഉപഭോഗം വളരെ കൂടുതലുള്ള 28 സോഡിയം വേപ്പർ ലാമ്പുകൾ ഗ്രാമപഞ്ചായത്തിലുണ്ട്. ഇവയുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് 12516 രൂപയാണ്. ആയത് ഘട്ടം ഘട്ടമായി ഊർജ്ജ ഉപഭോഗം കുറവുള്ള വിളക്കുകളാക്കി പരിവർത്തനം ചെയ്യേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതുണ്ട്. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും കണക്കുകളിൽ തദനുസൃതമായ മാറ്റങ്ങൾ വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.
2. നിലിവില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കിവരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകൾ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.
4. നിലവിൽ പഞ്ചായത്തിൽ തെരുവു വിളക്കുകളുടെ വിവരം സംബന്ധിച്ച് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ 17-8-2015 ന് പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നം. ഉത്തരവിൽ കൊടുത്തിട്ടുള്ള മാതൃകയിൽ തെരുവു വിളക്ക് മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-5 ഇ-ടെണ്ടർ മുഖേന നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ ഫോറം വില പഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2016-17വർഷങ്ങളിൽ നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ E-Tender മുഖേന നടപ്പാക്കിയിട്ടുള്ളവയുടെ ടെണ്ടർ ഫോറം വില, ഇ.എം.ഡി എന്നിവ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് അടവാക്കിയിട്ടുള്ളത്. ടി തുകകൾ അതത് പഞ്ചായത്തുകൾക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തണമെന്ന സർക്കാർ നിർദേശം പാലിച്ചിട്ടില്ല. ഇതു സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | അടങ്കൽ | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ടെണ്ടർ വാല്യൂ + വാറ്റ് | ആകെ ടെണ്ടർ വാല്യൂ. | ആകെ ഇ.എം.ഡി | തുകകൾ നിക്ഷേപിച്ച അക്കൗണ്ട് നം. |
|---|---|---|---|---|---|---|
| ബ്രഹ്മൻചോല അംഗൻവാടി നിർമാണം | 1258113 | 3 | 2704 | 8112 | 189000 | 67249238637- എസ്.ബി.ഐ. പാലക്കാട് |

ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നികുതി തുക വില്പന നികുതി വകുപ്പിലേക്ക് അടയ്ക്കേണ്ടതാണ്.

## 3-6 മരാമത്ത് പ്രവൃത്തി പൂർത്തീകരണം വൈകിയിരിക്കുന്നു. പിഴ ഈടാക്കേണ്ടതാണ്

താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തിയിൽ പൂർത്തീകരണം വൈകിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം. | പ്രവൃത്തിയുടെ പേര് | എഗ്രീഡ് പി.എ.സി | സൈറ്റ് കൈമാറിയ തീയ്യതി | പൂർത്തി കരിക്കേണ്ട തീയ്യതി | പൂർത്തീ കരിച്ച തീയ്യതി | കരാറുകരാന്റെ പേര് |
|---|---|---|---|---|---|---|
| S0243/17 | കൊട്ടേക്കാട് കുടിവെള്ള പദ്ധതി | 100000 | 4-9-2015 | 31-3-2016 | 4-2-2017 | ശ്രീ.രാധാകൃഷ്ണൻ |

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച സർക്കാർ ഉത്തരവ് നം. 84/97 PW&T/19-8-97 പ്രകാരം കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്യുന്ന തീയ്യതിയിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാരൻ/കൺവീനർ ബാദ്ധ്യസ്ഥനാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകുന്ന സന്ദർഭങ്ങളിൽ, കരാറുകാരന്റെ അപേക്ഷയിൻമേൽ AE യുടെ ശുപാർശയോടെ യഥാർഥ കാലാവധിയുടെ 20% ഗ്രേസ് പീരിയെഡ് അനുവദിച്ച് തുടർന്നുള്ള കാലത്തേക്ക് ആദ്യ 3 മാസം PAC യുടെ 1%വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തിനും 2% പിഴ ഈടാക്കി മാത്രമേ ബിൽ അനുവദിക്കാവൂ. എന്നാൽ മേൽ സൂചിപ്പിച്ച പ്രവൃത്തിയിൽ ഇപ്രകാരം

പിഴ ഈടാക്കിയിട്ടില്ല. 4-9-2015ൽ സൈറ്റ് കൈമാറിയിട്ടും യാതൊരു പ്രവൃത്തികളും ചെയ്യാതെ പിന്നീട് 1-12-2016ന് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സമയം കൂടുതൽ ആവശ്യപ്പെടുന്നത് അംഗീകരിക്കാൻ സാധിക്കയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.12/26-8-2017ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ പിഴ കണക്കാക്കി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 അധികം ചെലവഴിച്ച തുക തിരിച്ചടച്ചു

പ്രോജക്ട് നം.SO 162/17(പദ്ധതി ഫണ്ട്) മുഖേന ഗവർമെന്റ് എൽ.പി.സ്കൂളുകളിൽ ഫർണിച്ചർ വാങ്ങുന്നതിനുള്ള പ്രോജക്ടിനായി ബിൽ നം. 6/16-17/29-3-2017പ്രകാരം 300000രൂ. ചെലവഴിച്ചിട്ടുണ്ട്.ടി പ്രോജക്ടിൽ ഫർണിച്ചർ വാങ്ങലുമായി ബന്ധപ്പെട്ട് മൂന്ന് ടെണ്ടറുകളാണ് ലഭിച്ചിട്ടുള്ളത്.ഇതിൽ നിന്നും കെ.പി.എം.സ്റ്റോർ, ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നാണ് ഫർണിച്ചറുകൾ വാങ്ങിയിട്ടുള്ളത്.എന്നാൽ പല ഇനങ്ങൾക്കും ടി സ്ഥാപനം രേഖപ്പെടുത്തിയ വിലയേക്കാൾ കുറഞ്ഞ വില മറ്റ് സ്ഥാപനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനങ്ങൾ | സ്ഥാപനം രേഖപ്പെടുത്തിയ വില | | | ഫർണിച്ചർ വാങ്ങിയ വിലയും കുറവ് രേഖ പ്പെടുത്തിയ വിലയും തമ്മിലുള്ള വ്യത്യാസം | എണ്ണം | ആകെ വില വ്യത്യാസം |
|---|---|---|---|---|---|---|
| | കെ.പി.എം.സ്റ്റോർ (വാങ്ങിയ നിരക്ക്) | പി.എ.കെ എന്റർപ്രൈസസ് | റിതു ഫർണിച്ചർസ് | | | |
| ബഞ്ചും ഡസ്കും 6അടി | 7000 | 6000 | 8015 | 1000 | 16 | 16000 |
| ഓഫീസ് ടേബിൾ | 8000 | 7000 | 17175 | 1000 | 1 | 1000 |
| ആകെ | | | | | | 17000 |

സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ, 2013ലെ സ്റ്റോർ പർച്ചേസ് മാന്വലിലെ ഖ.7-33 എന്നിവ പ്രകാരം സാധനങ്ങളെ വർഗീകരിച്ച് ടെണ്ടർ ക്ഷണിക്കണമെന്നും ഓരോ ഇനത്തിലും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ സ്വീകരിക്കണം എന്നും നിഷ്കർഷിക്കുന്നു. കൂടാതെ ഖ.7-33 (vi -C)പ്രകാരം ടെണ്ടറിൽ എല്ലാ ഇനങ്ങൾക്കുമായോ, ഭാഗികമായോ നിരക്ക് രേഖപ്പെടുത്താൻ അനുവദിക്കേണ്ടതാണ് എന്നും വ്യക്തമാക്കുന്നു. ആയതിൽ നിന്നും ഓരോ ഇനത്തിലും ഏറ്റവും കുറവ് രേഖപ്പെടുത്തിയവരെ സെലക്ട് ചെയ്യണം എന്ന് വ്യക്തമാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.12/26-8-2017ന് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിന് നഷ്ടമായ തുക രസീതി നം. 11703102993/31-8-2017 പ്രകാരം അടച്ചതായി അറിയിച്ചിട്ടുണ്ട്.

# 3-8 ശുചിത്വ കക്കൂസ് നിർമ്മാണം പദ്ധതിക്ക് വേണ്ടി പ്ലാൻ ഫണ്ട് തുകയും,തനത് ഫണ്ട് തുകയും ചെലവഴിച്ചത് ക്രമീകരിച്ചിട്ടില്ല

പദ്ധതി നം.9/17

അടങ്കൽ- 3388000 (2640000/- വി ഫണ്ട്) + (748000/- തനത്)

ചെലവ്- 2547600+748000 = 3295600
നിർവ്വഹണം – വി.ഇ.ഒ.

ശുചിത്വ മിഷൻ ജില്ലാ ഓഫീസിന്റെ 3.2.2016 ലെ 580/15 നം. ഉത്തരവിൽ തുറസായ സ്ഥലത്ത് മലമൂത്ര വിസർജ്ജനമില്ലാത്ത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന് തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിനിയി 15400/-രൂപ വീതം (കേന്ദ്ര വിഹിതം - 12000+ പഞ്ചായത്ത് വിഹിതം - 3400) സബ്സിഡി അനുവദിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്ര വിഹിതം ശുചിത്വ മിഷൻ മുഖേന ഗുണഭോക്താക്കൾക്ക് നല്കുന്നതിനായി ഗ്രാമപഞ്ചായത്തിന് കൈമാറണമെന്നും നിബന്ധനയുണ്ടായിരുന്നു. എന്നാൽ കേന്ദ്ര വിഹിതം ലഭ്യമാകുവാൻ വൈകിയതിനാൽ സർക്കാർ ഉത്തരവ്(സാധാ)നം. 2235/2016 /തസ്വഭവ തിയ്യതി 25.7.2016 ലെ നിർദ്ദേശാനുസരണം വികസനഫണ്ടിൽ നിന്നും തുക വകയിരുത്തിയാണ് ഗ്രാമപഞ്ചായത്ത് ഈ ആവശ്യത്തിനായി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്. പഞ്ചായത്തിൽ 2016-17 വർഷത്തിൽ നടപ്പാക്കിയ പദ്ധതിയായ ശുചിത്വ കക്കൂസ് നിർമ്മാണത്തിന് വേണ്ടി 2547000/-രൂപ പ്ലാൻ ഫണ്ടും 748000 തനത് ഫണ്ടും വകയിരുത്തുകയും 3295600 /-ചെലവാക്കുകയും ചെയ്തു.എന്നാൽ 1926000/-രൂപ മാത്രമാണ് ശുചിത്വ മിഷണിൽ നിന്നും തിരികെ ലഭ്യമായിട്ടുള്ളത്. ബാക്കി തുക 1369600 /- നാളിതു വരെയായിട്ടും തിരികെ ലഭിച്ചിട്ടില്ല. ടി തുക ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1/22.8.17 നുള്ള മറുപടി ലഭ്യമാക്കിയതിൽ ടി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

നിർദ്ദേശം

- തിരികെ ലഭിച്ച വികസന ഫണ്ട് മറ്റ് പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.

# 3-9 ഭവന പുനരുദ്ധാരണം നടപ്പാക്കിയതിലെ അപാകതകൾ സംബന്ധിച്ച്

കരിമ്പുഴ ഗ്രാമ പഞ്ചായത്ത് – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2016-17 സാമ്പത്തിക വർഷത്തിൽ ഭവനം പുനരുദ്ധാരണത്തിനു വേണ്ടി രണ്ട് പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം | പ്രൊജക്ടിന്റെ പേര് | തുക വിവരങ്ങൾ | ചെലവ് |
|---|---|---|---|
| 123/17 | വിധവകൾക്ക് ഭവന പുനരുദ്ധാരണം | അടങ്കൽ- 200000/- 150000/-(പ്ലാൻ) 50000- (തനത്) | 200000 |
| 121/17 | ഭവന പുനരുദ്ധാരണം (ജനറൽ) | അടങ്കൽ- 1350000/- | 1350000/- |

ഈ പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

(1) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് 4/2016 തീ. 11.01.2016 പ്രകാരം ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഈ പ്രൊജക്ടിനു വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ഗ്രാമസഭയുടെ അംഗീകാരം ലഭിച്ചതു സംബന്ധിച്ച യാതൊരു രേഖയും ലഭ്യമല്ല. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7. 18 -ൽ നിർദ്ദേശപ്രകാരം ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിക്കുകയോ , അന്തിമ മുൻഗണനാ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് ഭരണ സമിതി നേരിട്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയാണ് ചെയ്തിട്ടുള്ളത്.
2. വീട് വാസയോഗ്യമാണെങ്കിലും അറ്റകുറ്റപ്പണികൾ അനിവാര്യമാണെന്ന് ഉറപ്പു വരുത്തിയിരിക്കണം. വി ഇ ഒ /ഓവർസിയർ ഇത് സംബന്ധിച്ച രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല.
3. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു കഴിഞ്ഞ് ഓരോ വീടിന്റേയും അറ്റകുറ്റപ്പണിക്ക് എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കി സമർപ്പിച്ചതിൽ താഴെ പറഞ്ഞ ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. providing C G I sheet roofing with tubular fabrication0-15000

2.Cost for repair to the door-5000/-

3.Expense to the white washing-9300/-

4. പഞ്ചായത്തിന്റെ പൊതുമരാമത്ത് വിഭാഗം അസി.എഞ്ചിനീയർ/ ഓവർസിയറിൽ നിന്നും ലഭിച്ച മൂല്യനിർണ്ണയ സാക്ഷ്യപത്രങ്ങൾ പ്രകാരം മാത്രമേ ധനസഹായം വിതരണം ചെയ്യാവൂ. എന്നാൽ മൂല്യ നിർണ്ണയ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയതിൽ മേൽക്കൂര പൊളിച്ച മാറ്റൽ. പുതിയ കഴക്കോൽ വെക്കൽ.ഓട്ടുപാകൽ, ചുമർ തേപ്പ് എന്നിവ നടത്തിയതായിട്ടാണ് പറഞ്ഞിട്ടുള്ളത്. ഈ ഇനങ്ങൾ ചെയ്യുന്നതിന് 20000/- രൂപയാണ് എസ്റ്റിമേറ്റിൽ കാണിച്ചിട്ടുള്ളത്. മുകളിൽ സൂചിപ്പിച്ച ഇനങ്ങൾ ചെയ്തതായി അസി.എഞ്ചിനീയർ/ ഓവർസിയറിൽ നിന്നും ലഭിച്ച മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിൽ പറഞ്ഞിട്ടില്ല.

തുക ഭാര്യയുടേയും ഭർത്താവിന്റേയും പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം എന്നാണ് വ്യവസ്ഥ. എന്നാൽ ഗുണഭോക്താവിന്റെ പേരിൽ മാത്രമാണ് തുക നൽകിയിരിക്കുന്നത്. (ഭവന പുനരുദ്ധാരണം (ജനറൽ)). തുടർ വർഷങ്ങളിൽ മേൽ സൂചിപ്പിച്ച അപാകങ്ങൾ പരമാവധി ഒഴിവാക്കേണ്ടതാണ്.

## 3-10 പി എം എ വൈ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

1.വി ഇ ഒ നടപ്പാക്കിയ പി എം എ വൈ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2016-17 വർഷത്തിൽ വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥനായി പി എം എ വൈ നടത്തിപ്പിനായി ഗ്രാമപഞ്ചായത്തിൽ നിന്നും
ബി ഡി ഒ, ശ്രീകൃഷ്ണപുരം നൽകിയ തുകകളുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജ നം/പേര് | തുക | കൈമാറിയ വിവരം |
|---|---|---|
| പി എം എ വൈ (124/17 ) | ബിൽ നം-12/17,8-03-17<br>തുക-200000/-<br>ബിൽ നം-17/17,20-03-17<br>തുക-80000/- | ബി ഡി ഒ ശ്രീകൃഷ്ണപുരം |

വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 പൊതുടാപ്പുകൾ ഘട്ടം ഘട്ടമായി കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ കേരള ജല അതോറിറ്റിയുടെ കണക്കു പ്രകാരം 104 പൊതു കുടിവെള്ള ടാപ്പുകൾ നിലവിലുണ്ട്. ഒരു ടാപ്പിന് പ്രതിവർഷം 5250 രൂപ നിരക്കിൽ മാസം 45500 രൂപ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കിവരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് ഇത് അധിക ബാധ്യത സൃഷ്ടിക്കുന്നുണ്ട്. ഓരോ പ്രദേശത്തും ഉള്ള ടാപ്പുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. നിലവിലില്ലാത്ത ടാപ്പുകളുടേയും വെള്ളം ലഭിക്കാത്ത ടാപ്പുകളുടേയും കണക്ക് സൂക്ഷിക്കാത്തതിനാൽ വെള്ളക്കരം ഒടുക്ക് കൃത്യമാണോ എന്ന് പരിശോധിക്കുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്.

ഈ സാഹചര്യത്തിൽ താഴെ പറയുന്ന നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

1. പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കണക്ക് കൃത്യമാക്കേണ്ടതും നിലവിലില്ലാത്ത ടാപ്പുകൾക്ക് വെള്ളക്കരം

ഒടുക്കുന്നത് ഒഴിവാക്കേണ്ടതുമാണ്.

2. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി വീടുകളിലേക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്. ഇക്കാര്യത്തിനായി ജി.ഒ (എം.എസ് )നം.72/2017/തസ്വഭവ തിയതി 29-3-2017, ജി.ഒ (എം.എസ്) നം. 80/2017 /തസ്വഭവ തിയതി 03.04.2017 എന്നിവയിലെ നിബന്ധനകൾ അനുസരിച്ച് പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രൊജക്റ്റുകളും ആവിഷ്കരിക്കാവുന്നതാണ്.
3. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.
4. ജില്ലാ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

## 3-12 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം തുകയുടെ വിനിയോഗ വിവരം എന്നിവ ലഭ്യമായിട്ടില്ല

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ അങ്കണവാടികളിലേക്കും ഗവ സ്കൂളുകളിലേക്കും കുടിവെള്ള പൈപ്പ് ലൈൻ കണക്ഷൻ നല്കുന്നതിനും, വിവിധ കോളനികളിലേക്ക് പൈപ്പ് ലൈൻ കണക്ഷൻ ദീർഘിപ്പിക്കുന്നതിനുമായി KWA യിലേക്ക് താഴെ പറയുന്ന പദ്ധതികളിലായി തുക നിക്ഷേപിച്ചിട്ടുണ്ട്. ആയതിന്റെ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം തുകയുടെ വിനിയോഗവിവരം എന്നിവ ലഭ്യമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

നിർവ്വഹണ ഏജൻസി – കേരള വാട്ടർ അതോറിറ്റി

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക |
|---|---|---|---|
| 1 | 178/17കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്ക് കുടിവെള്ള കണക്ഷൻ | 18/2016-17 തി.13.03.2017 | 4,50,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി | | | |
| 2 | 224/17ചോനപ്പൻതൊടി കോളനി പൈപ്പ് ലൈൻ നീട്ടൽ | 12/2016-17 തി.22.03.2017 | 60,000 |
| 3 | 226/17താലപ്പൊലിപറമ്പ് കോളനി പൈപ്പ് ലൈൻ നീട്ടൽ | 13/2016-17 തി.24.03.2017 | 92,000 |
| 4 | 225/17മാത്തൂർ കോളനി പൈപ്പ് ലൈൻ നീട്ടൽ | 15/2016-17 തി.28.03.2017 | 1,26,000 |

| | | | |
|---|---|---|---|
| 5 | 245/17തിപ്പിലിക്കോട് കോളനി | 19/2016-17<br>തി.31.03.2017 | 2,00000 |
| 6 | 227/17ഉമ്പക്കണ്ണ് -വാക്കട കോളനി | 20/2016-17<br>തി.31.03.2017 | 1,75,000 |
| 7 | 240/17താലപ്പൊലിപറമ്പ് കോളനി പൈപ്പ് ലൈൻ നീട്ടൽ | 21/2016-17<br>തി.31.03.2017 | 28,500 |
| 8 | 241/17കോട്ടേക്കാവ് മേലെക്കോട്ടയിൽ കോളനി പൈപ്പ് ലൈൻ നീട്ടൽ | 22/2016-17<br>തി.31.03.2017 | 75,000 |
| 9 | 223/17അംബേദ്കർ കോളനി പൈപ്പ് ലൈൻ നീട്ടൽ | 06/2016-17<br>തി.13.03.2017 | 184361 |
| ആകെ ഡെപ്പോസിറ്റ് ചെയ്ത തുക | | | 1390861 |

## 3-13 സമഗ്ര നെൽ കൃഷിവികസനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

2016-17 സാമ്പത്തിക വർഷത്തിൽ, കാർഷിക മേഖലയിലെ സമഗ്ര നെൽകൃഷി വികസനത്തിൽ ഉഴവുകൂലി, നെൽവിത്ത് വിതരണം എന്നിവ നടത്തുന്നതിന വേണ്ടി വിവിധ ഫണ്ടിനങ്ങളിൽ നിന്ന് 1975000/-രൂപ വകയിരുത്തുകയും, 677297/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും 492047/-രൂപയും ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും 185250/-രൂപയും ചേർന്ന് 677297/- മാത്രമെ ചെലവഴിച്ചിട്ടുള്ളത്. കേവലം 34% മാത്രമാണ്.

ഗ്രാമീണമായ അന്തരീക്ഷത്തിലാണ് കരിമ്പുഴ പഞ്ചായത്തിന്റെ ഭൂരിപക്ഷം പ്രദേശങ്ങളും സ്ഥിതി ചെയ്യുന്നത്. ധാരാളം കർഷകരും കൃഷി സ്ഥലങ്ങളും സുലഭമായുള്ള പഞ്ചായത്തിൽ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്ക് മികച്ച അവസരങ്ങളുണ്ട്. കൃഷി ഭവന്റെ രജിസ്റ്ററുകളുടെ കണക്കനുസരിച്ച് ഏകദ്ദേശം 3650 ഹെക്റ്റർ കൃഷി ഭൂമിയുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ഹെക്റ്റർ |
|---|---|
| റബർ | 2200 |
| നെല്ല് | 260 |
| തെങ്ങ് | 350 |
| കവുങ്ങ് | 250 |
| വാഴ | 450 |
| കുരുമുളക് | 25 |
| മറ്റുള്ളവ | 110 |
| തരിശുഭൂമി | 5 |
| ആകെ | 3650 |

കൃഷിഭവനിൽ രജിസ്റ്റർ ചെയ്ത കർഷകരുടെ എണ്ണം-700

കൃഷിഭവനിൽ നിന്നും പെൻഷൻ നൽകുന്ന ഗുണഭോക്താക്കളുടെ എണ്ണം-298

ഗ്രാമ പഞ്ചായത്തിന്റെ കണക്ക് പ്രകാരം കർഷക തൊഴിലാളി പെൻഷനുകൾ നൽകുന്ന ഗുണഭോക്താക്കളുടെ എണ്ണം-896

മേൽ കണക്കുകൾ സൂചിപ്പിക്കുന്നത് പഞ്ചായത്തിന് ശക്തമായ ഒരു കാർഷിക പാരമ്പര്യം ഉണ്ടെന്നാണ്. കാർഷിക മേഖലയിൽ കർഷകർക്ക് പ്രോത്സാഹനവും സഹായവും നൽകുന്നതിനു വേണ്ടി നിർബന്ധിത പദ്ധതികളിൽ ഉൾപ്പെടുന്ന സമഗ്ര നെൽകൃഷി വികസനം എന്ന പദ്ധതിയിൽ 260 ഹെക്റ്ററുള്ള നെൽ കൃഷിപാടങ്ങളിൽ കേവലം 186 ഗുണഭോക്താക്കൾക്ക് 61.75 ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്യുന്നതിനായി 677297/-രൂപ മാത്രമാണ് ചെലവു ചെയ്തിട്ടുള്ളത് . മറ്റു അപാകതകൾ കാണുക

1. ഈ പദ്ധതിയുടെ കീഴിലുള്ള മുഴുവൻ കർഷകർക്കും സഹായം വിതരണം ചെയ്യാത്തതിന് വ്യക്തമായ കാരണം ലഭ്യമാക്കിയിട്ടില്ല.
2. പാട്ടകൃഷി നടത്തുന്ന അപേക്ഷകർക്ക് സഹായം നൽകിയിട്ടില്ല. 62 ഗുണഭോക്താക്കൾ 20 ഹെക്ടറിൽ കൃഷി ചെയ്യുന്നുണ്ട്.
3. 61.75 ഹെക്ടർ ഭൂമിയിൽ സമഗ്ര നെൽ കൃഷിവികസനം എന്ന പദ്ധതിക്കുള്ള ധനസഹായം വിതരണം നടത്തുന്നതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും 492047/-രൂപ മാത്രം ചെലവഴിക്കുന്നതിന് വികസന ഫണ്ടിൽ നിന്നും വലിയൊരു തുക (1975000/-രൂപ) പദ്ധതി ആസൂത്രണ സമയത്ത് വകയിരുത്തിയത് ശരിയായ നടപടിയല്ല.
4. 2015-16ൽ 100 ഹെക്ടറിൽ 710000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ 40 ഹെക്ടർ കുറയുവാനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.
5. ഈ മേഖലയിൽ വർക്കിങ്ങ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.
6. കൃഷി ഓഫീസർ കാര്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/25.08.17-നുള്ള മറുപടിയിൽ കരിമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം 100 ഹെക്ടറിൽ താഴെയായി കുറഞ്ഞെന്നും പാട്ടകൃഷി സ്ഥലത്തിന്റെ ഉടമസ്ഥർ പാട്ടചീട്ടും നികുതി ചീട്ടും ഹാജരാക്കാത്തതിനാലും മറ്റു കാലാവസ്ഥ വ്യതിയാനംകൊണ്ടും പദ്ധതി തുക ചെലവഴിക്കാൻ സാധിച്ചില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്.

<u>നിർദ്ദേശം</u>

1. കൃഷി ഭവനിൽ സൂക്ഷിക്കുന്ന അടിസ്ഥാന വിവര രജിസ്റ്റർ കാലികമാക്കേണ്ടതാണ്.
2. പാട്ടകൃഷി നടത്തുന്നവർക്ക് ആനുകൂല്യം നൽകുവാനുള്ള നടപടികൾ കൃഷി വകുപ്പുമായി ചർച്ച ചെയ്ത് സ്വീകരിക്കേണ്ടതാണ്.
3. കാർഷിക മേഖലയിൽ കർഷകർക്ക് പ്രോത്സാഹനവും സഹായവും നൽകുന്നതിന് കൃഷി ഓഫീസറുടെ കാര്യമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.
4. കൃഷി ഓഫീസർ എല്ലാ പദ്ധതി പ്രവർത്തനങ്ങളും മോണിറ്റർ ചെയ്യേണ്ടത് അനിവാര്യമാണ്.
5. തുടർ വർഷങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ സുതാര്യമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 കുടുംബശ്രീ അക്കൗണ്ടിൽ നിഷ്ക്രിയ നിക്ഷേപമായി കിടക്കുന്ന തുകകൾ തിരിച്ചടക്കേണ്ടതാണ്

കുടുംബശ്രീ കണക്കുകൾ പരിശോധിച്ചതിൽ വിവിധ അക്കൗണ്ടുകളിലായി കാലങ്ങളോളമായി 1337199/- രൂപ നിഷ്ക്രിയ നിക്ഷേപമായി കിടക്കുന്നുണ്ട്. തുകകൾ നാളിതുവരെയായിട്ടും തിരിച്ചടച്ചിട്ടില്ല. തുക അതാത് സ്ഥാപനങ്ങളിലേക്ക്/ശീർഷകത്തിൽ തിരിച്ചടയ്ക്കേണ്ടതാണ്.

| ക്രമ നം | ഫണ്ടിന്റെ വിവരങ്ങൾ | തുക | വിവരണം | A/C NO |
|---|---|---|---|---|
| 1. | സ്പെഷൽ സെൻട്രൽ ഫണ്ട് | 30460 | 2008 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടിൽ തുടർച്ചയായി കണ്ടു വരുന്ന | 003300100007011<br>ധനലക്ഷ്മി തച്ചമ്പാറ |
| 2. | ജില്ലാപഞ്ചായത്ത് പ്ലാൻ ഫണ്ട് | 399165 | 2008 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടിൽ തുടർച്ചയായി കണ്ടു വരുന്ന | 57056838569<br>എസ് ബി ഐ<br>കരിമ്പുഴ |
| 3. | പഞ്ചായത്ത് പ്ലാൻ ഫണ്ട് | 768250 | 2008 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടിൽ തുടർച്ചയായി കണ്ടു വരുന്ന | 57056838569<br>എസ് ബി ഐ<br>കരിമ്പുഴ |
| 4. | റിവോൾവിങ്ങ് ഫണ്ട് | 10000 | - | 57056838569എസ് ബി ഐ<br>കരിമ്പുഴ |
| 5. | ഗ്യാസ് കണക്ഷൻ | 29165 | - | 57056838569<br>എസ് ബി ഐ<br>കരിമ്പുഴ |
| 6. | എഫ് എഫ് സി ഫണ്ട് | 50000 | - | 67274060786<br>എസ് ബി ഐ<br>കരിമ്പുഴ |
| 7. | എൻ.ആർ.ഇ.ജി.എസ് ഫണ്ട് | 50159 | - | 67031810706<br>എസ് ബി ഐ<br>കരിമ്പുഴ |
| | ആകെ | 1387358 | | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/24.08.2017) ടി തുകകൾ തിരിച്ചടക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നാണ് മറുപടി തന്നിട്ടുള്ളത്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി നം., പേര് | ചെലവഴിച്ച തുക | നീക്കി യിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 170000 | 179/17<br>ക്ഷീര കർഷകർക്ക് സബ്സിഡി | 170000 | - |
| ജില്ലാ പഞ്ചായത്ത് | 185250 | 89/17<br>സമഗ്ര നെൽകൃഷി വികസനം | 185250 | - |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. /ചെക്ക് നം. | തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | 178/17കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്ക് കുടിവെള്ള കണക്ഷൻ | 18/2016-17<br>തി.13.03.2017 | 4,50,000 | ലഭ്യമല്ല |
| വാട്ടർ അതോറിറ്റി | 224/17ചോനപ്പൻതൊടി കോളനി പൈപ്പ് ലൈൻ നീട്ടൽ | 12/2016-17<br>തി.22.03.2017 | 60,000 | “ |
| | 226/17താലപ്പൊലിപറമ്പ് കോളനി പൈപ്പ് ലൈൻ നീട്ടൽ | 13/2016-17<br>തി.24.03.2017 | 92,000 | “ |
| | 225/17മാത്തൂർ കോളനി പൈപ്പ് ലൈൻ നീട്ടൽ | 15/2016-17<br>തി.28.03.2017 | 1,26,000 | “ |
| | 245/17തിപ്പിലിക്കോട് കോളനി | 19/2016-17<br>തി.31.03.2017 | 2,00000 | “ |
| | 227/17ഉമ്പക്കണ്ണ് - വാക്കട കോളനി | 20/2016-17<br>തി.31.03.2017 | 1,75,000 | “ |
| | 240/17താലപ്പൊലിപറമ്പ് കോളനി പൈപ്പ് ലൈൻ നീട്ടൽ | 21/2016-17<br>തി.31.03.2017 | 28,500 | “ |
| | 241/17കോട്ടേക്കാവ് മേലെക്കോട്ടയിൽ കോളനി പൈപ്പ് ലൈൻ നീട്ടൽ | 22/2016-17<br>തി.31.03.2017 | 75,000 | “ |
| | 223/17അംബേദ്കർ കോളനി പൈപ്പ് ലൈൻ നീട്ടൽ | 06/2016-17<br>തി.13.03.2017 | 184361 | “ |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ലഭിച്ച 10120/- രൂപയുടെ വിവരം താഴെ പറയുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും | രസീതി നം., തീയ്യതി | റിമാർക്സ് |
|---|---|---|---|---|---|
| 2009-10 | 2-4(2) | 2200 | SBT കരിമ്പുഴ | 11603400003<br>തിയതി 30-7-2017 | |
| 2009-10 | 2-4(4) | 7920 | എ.മോഹനൻ സെക്രട്ടറി | 11603400004<br>തിയതി 30-7-2017 | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം, ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2011-12<br>(3-12) | 2013-14<br>(3-1) | അധികരിച്ച ചെലവിൽ പോഷകാഹാര വിതരണം | സാധൂകരണത്തിനായി സമർപ്പിച്ചിട്ടുണ്ട്. വിഷയം സർക്കാരിന്റെ പരിഗണനയിലാണ് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 55829425 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50594090 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5525 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 75000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5200 | ശ്രീമതി.സുഷമ<br>ഐ സി ഡി എസ്<br>സൂപ്പർവൈസർ |
| 3-2 | | 325 | ശ്രീമതി.കെ.അനിത<br>അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 75000 | ശ്രീമതി.കെ.അനിത<br>അസി. എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | മേൽവിലാസം | |
|---|---|---|
| ശ്രീമതി.കെ.അനിത<br>അസി. എഞ്ചിനീയർ | (employment hand) | കുന്നത്ത് വീട്<br>വെല്ലൂർ പി.ഒ<br>തൃശ്ശൂർ<br>പിൻ-680601 |
| സുഷമ.വി.ജി<br>ഐ സി ഡി എസ്<br>സൂപ്പർവൈസർ | ഐ സി ഡി എസ്<br>സൂപ്പർവൈസർ<br>കരിമ്പുഴ ഗ്രാമ പഞ്ചായത്ത് | സുഷമ.വി.ജി<br>ഗുരുകൃപ വീട്<br>മുണ്ടൂർ പോസ്റ്റ്<br>പാലക്കാട്-678592 |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്. പി.12/140/18-3-14 | ഫർദർ റിമാർക്സ് |
| 1997-98 | എൽ.എഫ്. പി.8/424(a)/25/12/08 | ടി |
| 1998-1999 | എൽ.എഫ്. പി.8/849/08/2-6-10 | ടി |
| 1999-2000 | എൽ.എഫ്. പി.8/849(b)/08/2-12-09 | ടി |
| 2000-2001 | എൽ.എഫ്. പി.8/1477/08/17-4-09 | ടി |
| 2001-2002 | എൽ.എഫ്. പി.8/849/09/17-11-09 | ടി |
| 2002-2003 | എൽ.എഫ്. പി.12/1993/11/16-3-11 | ടി |
| 2003-2004 | എൽ.എഫ്. പി.12/1990/11/16-3-11 | ടി |
| 2004-2005 | എൽ.എഫ്. പി.12/1991/11/15-3-12 | ടി |
| 2005-2006 | എൽ.എഫ്.പി.12/1267(1)/12/20-9-12 | ടി |
| 2006-2007 | എൽ.എഫ്. പി.12/1267(2)12/20-9-12 | ടി |
| 2007-2008 | എൽ.എഫ്. പി.12/1267(3)12/20-9-12 | ടി |
| 2008-2009 | എൽ.എഫ്. പി.12/1267(4)12/20-9-12 | ടി |
| 2009-2010<br>2010-2011 | എൽ.എഫ്. പി.12/1414/13/6-12-13 | ടി |
| 2011-2012 | എൽ.എഫ്. പി.12/1022/14/16-7-14 | ടി |
| 2012-13 | നം.എൽ.എഫ്.പി. 12- 340/15/9.04.15 | റിപ്പോർട്ട് |
| 2013-14 &<br>2014-15 | കെ.എസ്സ്.എ.പി.കെ.ഡി.14/1179/2016, തിയതി.1/8/2016 | ,, |

| | | |
|---|---|---|
| 2015-16 | കെ.എസ്സ്.എ.പി.കെ.ഡി.14/ /2016, തിയതി. / /2016 | ടി |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ സത്വരം തീർപ്പാക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# 1

# അനുബന്ധം-1

നം. കെ.എസ്.എ-പി.കെ.ഡി12/1873/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

തിയതി -20.10.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻന്റേഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ്

ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.

2. ബജറ്റ് ഫങ്ക്ഷൻ, ഫങ്ക്ഷണറി അടിസ്ഥാനത്തിൽ തയ്യാറാക്കുന്നുണ്ടെങ്കിലും സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.
3. വസ്തുനികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിലും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD18-1873/2017

Kerala State Audit Department

District Audit Office, Palakkad

Date –20.10.2017

## Audit Certificate

Certified that I have audited the Annual Financial Statement of Karimpuzha Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Karimpuzha Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Asset values not updated and linked with Sankhya. Hence Balance sheet does not reflect actual value of assets.
2. Even though the Budget is prepared on Function, Functionary basis, it is not linked with Sankhya.
3. The figures of property tax in Sanchaya software is not in agreement with that of Sankya.

Deputy Director